അംഗനവാടി വർക്കേഴ്സിന്റേയും ഹെൽപ്പേഴ്സിന്റേയും സേവന-വേതന വ്യവസ്ഥകൾ

77 (6236) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അംഗനവാടി വർക്കേഴ്സിന്റേയും ഹെൽപ്പേഴ്സിന്റേയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) അംഗനവാടി വർക്കേഴ്സിനേയും ഹെൽപ്പേഴ്സിനേയും തെരഞ്ഞെടുക്കുന്നതിലേക്ക് ഇപ്പോൾ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ഘടനയെക്കുറിച്ച് ആക്ഷേപങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) അംഗനവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കുന്നതിലേക്കായി 22-10-2008-ലെ സ.ഉ. (എംഎസ്.) നം. 58/2008-സാ.ക്ഷേ.വ. പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനം ഡബ്ല്യു.പി. (സി) നം. 25614/09 എന്ന കേസ്സിലെ വിധിപ്രകാരം ബഹു. കേരള ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. ടി കേസ്സിൽ കൗണ്ടർ അഫിഡവിറ്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും, സ്റ്റേ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

വയനാട് ജില്ലയിലെ അംഗനവാടികൾ

78 (6237) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ എത്ര അംഗനവാടികളാണ് ആകെ പ്രവർത്തിക്കുന്നതെന്ന് ജീവനക്കാരുടെ എണ്ണം സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ മണ്ഡലത്തിലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വർക്കർ, ഹെൽപ്പർ എന്നിവർ എത്രപേരുണ്ടെന്നും ഇവർ എത്ര കാലമായി തുടരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഇവരിൽ ആറുമാസം ജോലി ചെയ്തവരെ സ്ഥിരപ്പെടുത്താനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly